(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കുട്ടനാട് താലൂക്ക് ആശുപത്രി

347 [379] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പിന്നോക്ക പ്രദേശമായ കുട്ടനാട്ടിലെ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കുട്ടനാട് താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ അഞ്ചു ഡോക്ടർമാരുടെ തസ്തികയാണുള്ളത്. ഫിസിഷ്യൻ, നേത്രരോഗവിദഗ്ദ്ധൻ, അനസ്തേഷിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. മറ്റു സ്പെഷ്യലിസ്റ്റുകളെ നിയമിക്കുവാൻ സാമ്പത്തിക ഞെരുക്കം മൂലം ഇപ്പോൾ നിർവ്വാഹമില്ല.

കുട്ടനാട്ടിലെ മൊബൈൽ ഡിസ്പെൻസറി

348 [380] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ പ്രവർത്തിച്ചുവന്നിരുന്ന മൊബൈൽ ഡിസ്പെൻസറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര കാലമായി;

(സി) കുട്ടനാട്ടിലെ ഉൾപ്രദേശങ്ങളിൽ സേവനം നടത്തിവരുന്ന ഈ മൊബൈൽ ആശുപത്രി ഇത്രയും കാലം പ്രവർത്തനരഹിതമായി കിടന്നതിന്റെ ഉത്തരവാദികൾ ആരാണ്;

(ഡി) അതിൻമേൽ ആവശ്യമായ അന്വേഷണം നടത്തി കുറ്റക്കാരുടെമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) കേടുവന്നുകിടന്നിരുന്ന ബോട്ട് റിപ്പയർ ചെയ്ത് 1986 മാർച്ചുമാസം പ്രവർത്തനം തുടങ്ങിയെങ്കിലും കാലപ്പഴക്കംമൂലം ബോട്ട് വീണ്ടും കേടാവുകയും പ്രവർത്തനം നിന്നുപോവുകയും ആണുണ്ടായത്. ബോട്ട് റിപ്പയർ ചെയ്തു കിട്ടാനുണ്ടായ കാലതാമസമാണ് ഡിസ്പെൻസറിയുടെ പ്രവർത്തനം മുടങ്ങാൻ കാരണം. ബോട്ടു റിപ്പയർ കഴിഞ്ഞ് 25-6-1986-ന് കിട്ടിയിട്ടുണ്ട്. ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ഉദിക്കുന്നില്ല.

ശാന്തിവിള ഗവൺമെന്റ് ആശുപത്രി

349 [381] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാന്തിവിള ഗവൺമെന്റ് ആശുപത്രി വികസനത്തിനു വേണ്ടി എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly